REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-05-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പശ്ചിമബംഗാളിൽ മന്ത്രിസഭാ രൂപീകരണത്തിന് BJP. ഒരുക്കം തുടങ്ങി.
- ഇന്ത്യയുടെ ബ്രിക്സ് അദ്ധ്യക്ഷതയ്ക്ക് കീഴിൽ രണ്ടാമത് എംപ്ലോയ്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും.
- സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം ഭേദഗതി ബിൽ -2026 പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.
- കണ്ണൂരിൽ നിന്ന് ഹജ്ജ് തീർത്ഥാടകരുമായി വിമാനം അല്പസമയത്തിനകം പുറപ്പെടും.
- IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിന് ജയം.

## വാർത്തകൾ വിശദമായി

പശ്ചിമബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ഉജ്ജ്വല വിജയം നേടിയ BJP സംസ്ഥാനത്ത് പുതിയ ഗവണ്മെന്റ് രൂപീകരിക്കുന്നതിനും, സത്യപ്രതിജ്ഞാ ചടങ്ങിനുമുള്ള ഒരുക്കത്തിലാണ്.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)...

രവീന്ദ്രനാഥ ടാഗോറിന്റെ ജന്മദിനമായ ഈ മാസം ഒൻപതിന് പശ്ചിമബംഗാളിൽ പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞ

ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്. പ്രധാനമന്ത്രി നരേന്ദ്രമോദിയും, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതേസമയം മുഖ്യമന്ത്രി സ്ഥാനം രാജി വെയ്ക്കില്ലെന്ന് മമതാബാനർജി ഇന്നലെ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പിൽ വ്യാപകമായ ക്രമക്കേടുകളും വോട്ടുതട്ടിപ്പും ഉണ്ടായെന്നും, തിരഞ്ഞെടുപ്പ് കമ്മീഷൻ പക്ഷപാതപരമായാണ് പെരുമാറിയതെന്നും ആരോപിച്ചാണ് മമത മുഖ്യമന്ത്രിസ്ഥാനം രാജിവെയ്ക്കില്ലെന്ന് അറിയിച്ചത്.

മുഖ്യമന്ത്രി സ്ഥാനം രാജിവെയ്ക്കില്ലെന്ന മമതയുടെ നിലപാടിനെ BJP രൂക്ഷമായി വിമർശിച്ചു. നിയമസഭയുടെ കാലാവധി നാളെ അവസാനിക്കുമെന്നും, അതിനു ശേഷം അവർ രാജിവെച്ചാലും ഇല്ലെങ്കിലും ആരും സഭയിൽ അംഗമായി തുടരില്ലെന്നും BJP വ്യക്തമാക്കി. സ്തംഭനാവസ്ഥ സൃഷ്ടിക്കുന്നതിലും, ജനാധിപത്യത്തെ പരിഹസിക്കുന്നതിലും മമതാ ബാനർജി വിജയിക്കില്ലെന്ന് BJP നേതാവ് ബിമൽ ശങ്കർ നന്ദ ആകാശവാണിയോട് പറഞ്ഞു. ഇത്തരം സാഹചര്യത്തെ നേരിടാൻ ഭരണഘടനയിൽ വ്യവസ്ഥകളുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പശ്ചിമ ബംഗാളിലെ തിരഞ്ഞെടുപ്പ് വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അഭിനന്ദിച്ചു.

✪✪✪

സൈന്യം കൊൽക്കത്തയിൽ പ്രവേശിച്ചുവെന്നും ജനങ്ങൾ അവരെ തടഞ്ഞുവെന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. മുഖ്യമന്ത്രി മമതാ ബാനർജിക്ക് പരിക്കേറ്റുവെന്നും, കൊൽക്കത്തയിലെ വിദേശ എംബസികൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടുവെന്നും വീഡിയോയിൽ അവകാശപ്പെടുന്നത് തെറ്റായ പ്രചാരണമാണെന്നും PIB അറിയിച്ചു. ജനങ്ങൾ ഇത്തരം പ്രചാരണങ്ങൾ ഔദ്യോഗിക ഗവണ്മെന്റ് സ്രോതസ്സുകൾ വഴി സ്ഥിരീകരിക്കണമെന്നും ഗവണ്മെന്റ് അഭ്യർത്ഥിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. നിയമസഭാ തെരഞ്ഞെടുപ്പിലെ തോൽവിയുടെ പ്രാഥമിക വിലയിരുത്തലുകളും പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെ ചർച്ച ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ന്യൂഡൽഹിയിൽ വിയറ്റ്നാം പ്രസിഡന്റും വിയറ്റ്നാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി ജനറൽ സെക്രട്ടറിയുമായ ടോ ലാമിനെ സന്ദർശിച്ചു. ഇരു രാജ്യങ്ങളും തമ്മിലെ ബഹുമുഖ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ചയ്ക്കും അടുത്ത രണ്ട് ദിവസങ്ങളിൽ നടത്താനിരിക്കുന്ന ഇടപെടലുകൾക്കും ടോലാം കാത്തിരിക്കുകയാണെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യയുടെ ബ്രിക്സ് അദ്ധ്യക്ഷതതയ്ക്ക് കീഴിൽ രണ്ടാമത് എംപ്ലോയ്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. തൊഴിലാളി ക്ഷേമം, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവയെക്കുറിച്ച് ബ്രിക്സ് അംഗരാജ്യങ്ങളിലെ പ്രതിനിധികൾ ചർച്ച ചെയ്യുമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

ഇന്ത്യയ്ക്കു പുറമെ ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ, ഈജിപ്ത്, എത്യോപ്യ, ഇറാൻ, ഇന്തോനേഷ്യ, UAE എന്നിവയാണ് ബ്രിക്സ് അംഗരാജ്യങ്ങൾ.

✪✪✪

സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം ഭേദഗതി ബിൽ -2026 പാർലമെന്റിൽ അവതരിപ്പിക്കാൻ നിർദ്ദേശത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 1956 ലെ നിയമം ഭേദഗതി ചെയ്യാനാണ് ബിൽ ലക്ഷ്യമിടുന്നതെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ എണ്ണം നിലവിലെ 33 ൽ നിന്ന് 37 ആയി വർദ്ധിപ്പിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

✪✪✪

രാജ്യത്തെ പരുത്തി മേഖലയിലെ തടസ്സങ്ങൾ, വളർച്ചാ ഇടിവ്, ഗുണനിലവാര ആശങ്കകൾ എന്നിവ പരിഹരിക്കുന്നതിന് 5,600 കോടി രൂപയിലധികം ചെലവ് വരുന്ന 'കപാസ് കാന്തി' പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഗവൺമെന്റിന്റെ 'ഫാം ടു ഫൈബർ റ്റു ഫാക്ടറി റ്റു ഫാഷൻ റ്റു ഫോറിൻ' എന്ന 5F ലക്ഷ്യത്തിന്റെ ഭാഗമാണ് പദ്ധതിയെന്നും ഇത് പരുത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

അടിയന്തര ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം 5.0, സെമികണ്ടക്ടർ മിഷന്റെ കീഴിൽ രണ്ട് സെമികണ്ടക്ടർ പദ്ധതികൾ എന്നിവയ്ക്ക് കൂടി കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

✪✪✪

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം നാളെയും മറ്റന്നാളും തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിൽ നടത്തും. രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേത്ത് സമ്മേളനത്തിന് അധ്യക്ഷനാകും. രാജ്യത്തെ 33 സൈനിക് സ്കൂളുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

ബ്രെയിൻ-കമ്പ്യൂട്ടർ ഇന്റർഫേസ് സമ്മേളനം ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ ഇന്നലെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സെന്റർ ഫോർ ജോയിന്റ് വാർഫെയർ സ്റ്റഡീസുമായി സഹകരിച്ച് ഹെഡ്ക്വാർട്ടേഴ്സ് ഇന്റഗ്രേറ്റഡ് ഡിഫൻസ് സ്റ്റാഫ് ആണ് സമ്മേളനം സംഘടിപ്പിച്ചതെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

മദ്യനയകേസിൽ നിന്ന് കുറ്റവിമുക്തരാക്കപ്പെട്ടതിനെതിരെ CBI കേസിൽ, ആം ആദ്മി പാർട്ടി നേതാക്കളായ അരവിന്ദ് കെജ്രിവാൾ, മനീഷ് സിസോദിയ, ദുർഗേഷ് പഥക് എന്നിവർക്ക് മുതിർന്ന അഭിഭാഷകരെ അമിക്കസ് ക്യൂറിയായി നിയമിക്കുമെന്ന് ഡൽഹി ഹൈക്കോടതി അറിയിച്ചു. വിചാരണ കോടതി വിധിയെ ചോദ്യം ചെയ്ത് CBI സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കുന്നത് വെള്ളിയാഴ്ചത്തേയ്ക്ക് മാറ്റിവെച്ച ജസ്റ്റിസ് ശർമ്മ, അമിക്കസ്

ക്യൂറിയായി ഒരാളെ നിയമിച്ചുകഴിഞ്ഞാൽ വിഷയത്തിൽ മുന്നോട്ട് പോകുന്നത് ഉചിതമാണെന്ന് നിരീക്ഷിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും ഹജ്ജ് യാത്രയ്ക്ക് തുടക്കമായി. മുന്നൂറിലേറെ തീർത്ഥാടകരുമായി ഫ്ലൈ അദീൽ എയർ ലൈൻസ് ജിദ്ദ യിലേക്ക് അല്പ സമയത്തിനകം പുറപ്പെടും.

ഇന്നലെആരംഭിച്ച ഹജ്ജ് ക്യാമ്പ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു. ടെർമിനൽ കെട്ടിടത്തിന് സമീപമാണ് ക്യാമ്പ് സജ്ജീകരിച്ചിട്ടുള്ളത്.

✪✪✪

വാണിജ്യ പാചക വാതക സിലിണ്ടറിന് വില കുത്തനെ വർധിപ്പിച്ചതിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന വ്യാപകമായി ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധിക്കുന്നു. 19 കിലോ സിലിണ്ടറിന് ഒറ്റയടിക്ക് 993 രൂപ കൂടിയതിലാണ് പ്രതിഷേധം. നിയന്ത്രണാതീതമായ വിലക്കയറ്റം അവസാനിപ്പിക്കണം എന്നാണ് സംഘടനയുടെ ആവശ്യം.

✪✪✪

വിദേശരാജ്യങ്ങളിലേക്ക് മത്സ്യം കയറ്റുമതി ചെയ്യുന്നതിനായി ബേപ്പൂർ ഹാർബറിൽ സ്ഥാപിച്ച ക്യൂബ് ഐസ് യന്ത്രം അപകടാവസ്ഥയിലാണെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. ഈ മാസം 29 ന് വെസ്റ്റ്ഹിൽ റസ്റ്റ്ഹൌസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു. ഡൽഹി ഉയർത്തിയ 156 റൺസ് വിജയലക്ഷ്യം, 17.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ചെന്നൈ മറികടന്നു. അർദ്ധസെഞ്ചുറിയുമായി സഞ്ജു സാംസൺ ആണ് ടീമിന് വിജയമൊരുക്കിയത്. 52 പന്തിൽ 87 റൺസെടുത്ത് സഞ്ജു ടോപ് സ്കോറർ ആയി.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് പഞ്ചാബ് കിങ്സിനെ നേരിടും. രാത്രി ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ FC മുംബൈ സിറ്റി FC യെ തോൽപ്പിച്ചു. മുംബൈയിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ജയം.

ഇന്ന് പഞ്ചാബ് FC ചെന്നൈയിൻ FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ന്യൂഡൽഹിയിലാണ് മത്സരം.

✪✪✪

കേരള പ്രീമിയർ ലീഗിന്റെ സൂപ്പർ എട്ടിൽ കാലിക്കറ്റ് FC ഇന്ന് ആദ്യ പോരാട്ടത്തിന് ഇറങ്ങും. തൃശ്ശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് എട്ടിന് ഗോൾഡൻ ത്രെഡ്സ് FCയെ ആണ് കാലിക്കറ്റ് നേരിടുക.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ കർശന ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കോന്നി, ചങ്ങനാശ്ശേരി, മൂന്നാർ, തൃത്താല, പൊന്നാനി, ബേപ്പൂർ തുടങ്ങിയ ഇടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതോടെ ഓറഞ്ച് ജാഗ്രത നൽകി.

അതേസമയം, ശനിയാഴ്ച വരെ സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പും അറിയിച്ചു. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ തോട്ടം മേഖലയായ പുല്ലങ്കോട് റബ്ബർ എസ്റ്റേറ്റിൽ ഇന്നലെ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടം. എസ്റ്റേറ്റ് ഓഫീസിനു സമീപത്തെ മാനേജരുടെ ബംഗ്ലാവും സ്റ്റാഫ് ക്വാർട്ടേഴ്സും മരം വീണ് തകർന്നു. മലയോരമേഖലയിലുണ്ടായ ശക്തമായ കാറ്റിൽ അഞ്ഞൂറോളം റബ്ബർമരങ്ങളാണ് നിലംപൊത്തിയത്.

✪✪✪

ബംഗളൂരുവിൽ നിന്നും MDMA യുമായി വരികയായിരുന്ന രണ്ട് പേർ കോഴിക്കോട്ട് പിടിയിലായി. പയ്യാനക്കൽ സ്വദേശി സർജാസ്, വെള്ളയിൽ സ്വദേശി ഹാഷിം എന്നിവരെയാണ് 38 ഗ്രാം MDMA യുമായി പൊലീസ് പിടികൂടിയത്.

അതിനിടെ, പൂവാട്ട് പറമ്പിൽ MDMA ഉപയോഗിക്കുന്നതിനിടെ ആനകുഴിക്കര സ്വദേശി ജംഷീദ് കൂന്താലയെന്നയാളെയും അറസ്റ്റു ചെയ്തു.

✪✪✪

എറണാകുളത്തിനും കായംകുളത്തിനുമിടയിൽ കോട്ടയം വഴി സർവീസ് നടത്തേണ്ട മൂന്ന് പ്രധാന ട്രെയിനുകൾ ഇന്ന് ആലപ്പുഴ വഴി തിരിച്ചുവിടുമെന്ന് റെയിൽവേ അറിയിച്ചു. ജങ്ഷൻ റെയിൽവേ സ്റ്റേഷനിൽ പുതിയ കാൽനട പാലത്തിന്റെ ഗർഡറുകൾ സ്ഥാപിക്കുന്ന ജോലികൾ നടക്കുന്നതിനാലാണിത്.

മംഗളൂരു-തിരുവനന്തപുരം സെൻട്രൽ എക്സ്പ്രസ്, രാമേശ്വരം-തിരുവനന്തപുരം അമൃത എക്സ്പ്രസ്, തിരുവനന്തപുരം നോർത്ത് രാജ്യറാണി എക്സ്പ്രസ് എന്നിവയാണ് ആലപ്പുഴ വഴി തിരിച്ചുവിടുക.

✪✪✪

നഴ്സസ് വാരാഘോഷത്തിന്റെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ADM, പി അഖിൽ നിർവഹിച്ചു. ഈ മാസം 12 വരെ നടത്തുന്ന വാരാഘോഷത്തിന്റെ ഭാഗമായി കലാ-കായിക പരിപാടികൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: സബിത ആനന്ദ്*
*DEO : ഷീബ*